(സി) പുതിയ കളക്ടറേറ്റ് മന്ദിരത്തിന് സമീപം ആർ.ഡി.ഒ., പോലീസ്, ഡി.പി.ഒ. ഇൻഫർമേഷൻ വകുപ്പ് തുടങ്ങിയ പ്രധാന ജില്ലാതല ഓഫീസുകൾക്കൂടി പ്രവർത്തിപ്പിക്കുന്നതിന് സൗകര്യമൊരുക്കുമോ ;

(ഡി) നിലവിൽ കളക്ടറേറ്റ് മന്ദിരത്തിനായി പരിഗണിക്കുന്നത് ഏതെല്ലാം സ്ഥലങ്ങളാണെന്ന് അറിയിക്കാമോ ;

(ഇ) കുടപ്പനക്കുന്ന് കൃഷി-മൃഗ സംരക്ഷണ ഫാമുകളുടെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം കളക്ടറേറ്റ് മന്ദിരത്തിനുവേണ്ടി ഏറ്റെടുക്കുന്നത് പരിഗണിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കളക്ടറേറ്റ് ഉൾപ്പെടെയുള്ള 50 സർക്കാർ ഓഫീസുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പരിഗണിക്കാവുന്നതാണ്.

(ഡി&ഇ) തീരുമാനിച്ചിട്ടില്ല.

## ചൊവ്വര റെയിൽവേ ഗേറ്റിന് മേൽപ്പാലം പണിയുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ കൈക്കൊണ്ട തീരുമാനം

**49 (1359)** ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചൊവ്വര റെയിൽവേ ഗേറ്റിന് മേൽപ്പാലം പണിയുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ തീരുമാനം എടുത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) മേൽപ്പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

## എക്സ്പ്രസ് ഹൈവേ കടന്നുപോകുന്ന കൂത്തുപറമ്പിലെ വില്ലേജുകൾ

**50(1360)** ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ദിഷ്ട എക്സ്പ്രസ് ഹൈവേ കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ ഏതൊക്കെ വില്ലേജുകളിൽകൂടിയാണ് കടന്നുപോകുന്നത് എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly